# Malayala Manorama
# 28 August 2018
# Thiruvananthapuram, CM’s Flood Relief Fund

## ദുരിതാശ്വാസ നിധിയിൽകിട്ടിയത് 714.16 കോടി

തിരുവനന്തപുരം● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതുവരെ ലഭിച്ചത് 714.16 കോടി രൂപ. ചെക്കായും പണമായും ലഭിച്ചത് 538 കോടി രൂപയാണ്. ഇലക്ട്രോണിക് പണമിടപാടുകളിലൂടെ 131.61 കോടി രൂപയും യുപിഐ ഉൾപ്പെടെയുള്ള പണമിടപാടു രീതികൾ വഴി ലഭിച്ചത് 44.31 കോടി രൂപയുമാണ്.

തമിഴ്നാട്ടിലെ വേലമ്മാൾ എജ്യുക്കേഷനൽ ട്രസ്റ്റ് ഒരു കോടി രൂപ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്തു. ട്രസ്റ്റ് ചെയർമാൻ എം.വി. മുത്തുരാമലിംഗം മുഖ്യമന്ത്രി പിണറായി വിജയനു ചെക്ക് കൈമാറി.

ഇന്ത്യൻ ബാങ്കിന്റെ സംഭാവനയായ 4.01 കോടി രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ എ.എസ്.രാജീവ് പിണറായി വിജയനു കൈമാറി. ഇതിൽ 3.01 കോടി രൂപ ജീവനക്കാർ സമാഹരിച്ചതാണ്; ഒരു കോടി ബാങ്കിന്റെ വിഹിതവും.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്തിയ തുകയുടെ വിശദവിവരങ്ങൾക്ക്: bit.ly/cmdrfstats